**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1617** **15-03-2022 - ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ.യുടെ ഔട്ട്‌ലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പച്ചക്കറിയ്ക്ക് വിപണി കണ്ടെത്തുന്നതിനും സംഭരിക്കുന്നതിനും പൊന്നാനി മണ്ഡലത്തിൽ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ വി.എഫ്.പി.സി.കെ.യുടെ ഔട്ട്‌ലെറ്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (എ) | പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പച്ചക്കറി വിപണി എന്ന നിലയിൽ നിലവിൽ പൊന്നാനി മണ്ഡലത്തിൽ വി.എഫ്.പി.സി.കെ യുടെ ഔട്ട് ലെറ്റ് പ്രവർത്തിക്കുന്നില്ല. ഈ മേഖലയിൽ പഴം-പച്ചക്കറി ഉൽപാദനത്തിനായി ഇത്തരത്തിൽ ഒരു ഔട്ട് ലെറ്റ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്. |
| (ബി) | പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന പഴം/ പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കൃഷിവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന നാടൻ പഴം - പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വി.എഫ്.പി.സി.കെ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വി.എഫ്.പി.സി.കെ യുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കട്ട് വെജിറ്റബിൾ യൂണിറ്റും കോട്ടയം ജില്ലയിൽ പഴം സംസ്കരണ യൂണിറ്റും പ്രവർത്തിച്ചു വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ വെമ്പായത്ത് മഞ്ഞൾ സംസ്കരണ യൂണിറ്റും പാലക്കാട് ജില്ലയിലെ പെരുമാട്ടിയിൽ പച്ചക്കറി ഉണക്കി സംസ്കരിക്കുന്ന യൂണിറ്റും ആരംഭിക്കുന്നതാണ്. ഇതിനുപുറമെ, ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൃഷി ലാഭകരമാക്കുന്നതിന്റെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ കർഷക പരിശീലനങ്ങളും മേൽ പറഞ്ഞ യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം, മൂല്യവർദ്ധനത്തിനാവശ്യമായ യന്ത്ര-സാമഗ്രികൾ വാങ്ങുന്നതിനുള്ള സഹായം, ബ്രാൻഡിംഗ്, പായ്ക്കിംഗ്, ലേബലിങ്ങ് എന്നിവയ്ക്കുള്ള സഹായവും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നത് കൂടാതെ |

| | | | |
|---|---|---|---|
| | | | പൊതു സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചുരുങ്ങിയ ചെലവിൽ ലഭ്യമാക്കുന്നതിനുമായി എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇൻകുബേഷൻ സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. പഴം-പച്ചക്കറി കയറ്റുമതി, മൂല്യവർദ്ധനം എന്നിവ ഉദ്ദേശിച്ച് നിലവിൽ 38 എഫ്.പി.സി കൾ (Farmer Producer Company) ആദ്യ ഘട്ടത്തിൽ വി.എഫ്.പി.സി.കെ രൂപീകരിച്ചിട്ടുണ്ട്. ഇവയും പ്രാദേശികമായി ഉൽപാദിപ്പിക്കുന്ന നാടൻ പഴം-പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സഹായകരമാകും. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് എസ്.എഫ്.എ.സി.യ്ക്ക് അനുവദിച്ചിട്ടുള്ളത്. പുതിയ 50 FPO കൾ തുടങ്ങുന്നതിനും നിലവിലുള്ള 50 FPO കളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം എന്നിവയുടെ എല്ലാം ഏകോപനവും FPO കൾ ഉറപ്പാക്കുന്നതാണ്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോത്പന്ന സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്നു. കൂടാതെ വ്യക്തികൾക്ക് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനു 50%സബ്സിഡി നിരക്കിൽ 51 പേർക്ക് 84 ലക്ഷം രൂപയും, PACS, FPO, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന സ്ഥാപിക്കുന്ന സംസ്കരണ മൂല്യ വർദ്ധിത യൂണിറ്റുകൾ ഇൻക്യൂബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനും 9 യൂണിറ്റുകൾക്ക് 94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ രൂപ വരെയുള്ള സംരംഭം | 30% പരമാവധി 50 ലക്ഷം |